# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

| | |
|---|---|
| ക്ലാസ്സ് : IV | സമയം : 2 മണിക്കൂർ |
| തീയതി : 10-9-2023 | മാർക്ക് : 70 |

## I. പദപ്പെട്ടിയിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക — 10

കൂദാശകൾ, ഈശോ, മുങ്ങുക, മിശിഹാ, എസ്തപ്പാനോസ്

1. ജീവന്റെ ഉറവിടം ആരാണ്?
2. സഭാ ശരീരത്തിന്റെ ശിരസ്സ്?
3. നമ്മിലേക്ക് ദൈവിക ജീവൻ എത്തിക്കുന്ന നീർച്ചാലുകൾ ഏത്?
4. 'മാമ്മോദീസ' എന്ന വാക്കിന്റെ അർത്ഥം എന്ത്?
5. ആദ്യത്തെ രക്തസാക്ഷി ആര്?

## II. എ-ബി യോട് ചേർക്കുക — 10

6. കൂദാശ - ആദിമാതാപിതാക്കൾ
7. വെള്ളവസ്ത്രം - മുന്തിരിച്ചെടി
8. ഈശോ - പരിശുദ്ധാത്മാവ്
9. ജന്മപാപം - കൃപാവരത്തിന്റെ പുതുജീവിതം
10. തീനാളങ്ങൾ - വിശുദ്ധീകരിക്കുന്ന കർമ്മം

## III. പൂരിപ്പിക്കുക — 10

11. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനമനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹമാണ് .....................
12. ദാഹിക്കുന്നവർക്ക് ഈശോ .................... വാഗ്ദാനം ചെയ്യുന്നു.
13. ഡൊമിനിക് എന്ന പേരിന്റെ അർത്ഥം ......................... ആണ്.
14. നമുക്ക് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും ലഭിക്കുന്നത് .................... എന്ന കൂദാശയിലൂടെയാണ്.

15. ദൈവികജീവൻ നല്കുന്നതിനായി ഈശോ സ്ഥാപിച്ചവയാണ് സഭയിലെ ..................

## IV. ശരിയോ തെറ്റോ എന്ന് എഴുതുക 5

16. മാമ്മോദീസ, വി. കുർബാന, വിവാഹം എന്നിവയാണ് പ്രവേശക കൂദാശകൾ എന്നറിയപ്പെടുന്നത്.

17. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് ദൈവിക ജീവൻ ലഭിക്കുന്നു.

18. സഭാശരീരത്തിന്റെ ശിരസ്സ് പരിശുദ്ധാത്മാവാണ്.

19. മാമ്മോദീസ സ്വീകരിക്കുന്നതുവഴി നമുക്ക് ദൈവികജീവനും ദൈവപുത്രസ്ഥാനവും ലഭിക്കുന്നു.

20. തന്റെ മരണത്തിനുമുമ്പുതന്നെ ഈശോ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിരുന്നു.

## V. പേരെഴുതുക 5

21. തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ?

22. “ബൈബിൾ” എന്ന പദത്തിന്റെ അർത്ഥം?

23. നിങ്ങളുടെ ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥന്റെ/മധ്യസ്ഥയുടെ പേര്?

24. “മിഷനറി” എന്ന പദത്തിന് സമാനമായ സുറിയാനി പദമേത്?

25. “കന്തീശ” എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 5

26. “ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ............... ഉം ആണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ............... പുറപ്പെടുവിക്കുന്നു” (യോഹ 15:5).

27. “ഞാൻ നൽകുന്ന .............. കുടിക്കുന്നവന് പിന്നീട് ഒരിക്കലും ................” (യോഹ 4:14).

## VII. ഉത്തരമെഴുതുക

28. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എത്ര? ഏതെല്ലാം? **3**

29. മാമ്മോദീസായുടെ ദൃശ്യമായ അടയാളങ്ങൾ ഏതെല്ലാം? **3**

30. വി. കൊച്ചുത്രേസ്യായുടെ ജീവിത സന്ദേശം എഴുതുക. വി. കൊച്ചുത്രേസ്യായെപ്പോലെ പുണ്യജീവിതം നയിക്കാൻ നിങ്ങൾക്ക് എപ്രകാരം സാധിക്കും? **4**

31. പ്രഥമദിവ്യകാരുണ്യ സ്വീകരണസമയത്ത് വി. ഡൊമിനിക് സാവിയോ എടുത്ത പ്രതിജ്ഞകൾ ഏതെല്ലാം? **4**

32. കൂദാശകൾ എത്ര? ഏതെല്ലാം? **5**

33. തൈലാഭിഷേക കൂദാശ എന്നാൽ എന്ത്? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

ക്ലാസ്സ് : V — സമയം : 2 മണിക്കൂർ
തീയതി : 10-9-2023 — മാർക്ക് : 70

---

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം തെരഞ്ഞെടുത്തെഴുതുക** 5

ഇസ്രായേൽ, മോശ, ദൈവം, അബ്രാഹം, പഞ്ചഗ്രന്ഥി

1. ബൈബിളിലൂടെ സംസാരിക്കുന്നത്.
2. വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ.
3. വലിയ ജനതയുടെ പിതാവ്.
4. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ.
5. ദൈവവുമായി മൽപിടിത്തം നടത്തുന്നവൻ.

**II. എ - ബി യോട് ചേർക്കുക** 5

| | | |
|---|---|---|
| 6. അബ്രാം | - | പുസ്തകം |
| 7. മോശ | - | ഈജിപ്തിന്റെ ഗവർണ്ണർ |
| 8. ബൈബിൾ | - | അരുവി |
| 9. ജോസഫ് | - | ഊർ |
| 10. യാബോക്ക് | - | ഹോറെബ് |

**III. പേരെഴുതുക** 5

11. "അഗാപ്പെ" എന്ന പദത്തിന്റെ അർത്ഥം?
12. നിങ്ങളുടെ വികാരിയച്ചന്റെ പേര്, വീട്ടുപേര്?
13. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന ഏത്?
14. ഭാരതത്തിന്റെ ലിസ്യൂ എന്ന് അറിയപ്പെടുന്ന സ്ഥലം?
15. "എക്ലേസിയ" എന്ന വാക്കിന്റെ അർത്ഥമെന്ത്?

## IV. പൂരിപ്പിക്കുക 5

16. ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് അവകാശി .................... പുത്രൻ ആയിരുന്നു.

17. അബ്രാഹം താൻ താമസിച്ച സ്ഥലങ്ങളിലെല്ലാം ദൈവത്തിന് ................ നിർമ്മിക്കുകയും ബലിയർപ്പിക്കുകയും ചെയ്തിരുന്നു.

18. സഹോദരനായ ................... നെ ദൈവം മോശയുടെ സഹായത്തിനായി നല്കി.

19. 'ബഥേൽ' എന്ന പേരിന്റെ അർത്ഥം ...................... എന്നാണ്.

20. മനുഷ്യജീവിതം പൂർണ്ണതയിലെത്താൻ ശരീരത്തിന് ഭക്ഷണം മാത്രം പോരാ, ആത്മാവിനുള്ള ഭക്ഷണമായ ................ കൂടെ വേണമെന്ന് ഈശോ പഠിപ്പിച്ചു.

## V. ശരിയോ തെറ്റോ എന്ന് എഴുതുക 5

21. മോശയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ദൈവം മൂന്ന് അടയാളങ്ങൾ നൽകി.

22. യാക്കോബിന്റെ പന്ത്രണ്ട് മക്കളാണ് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളായി മാറിയത്.

23. ലോകത്തെ മുഴുവൻ രക്ഷിക്കാനുള്ള ദൈവികപദ്ധതിയിൽ സഹകരിച്ച ജോസഫ് ജനതകളുടെ പിതാവായിത്തീർന്നു.

24. വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ പുസ്തകങ്ങളിലൂടെയും ഓരോ വിധത്തിൽ ദൈവം മനുഷ്യരോട് സംസാരിക്കുന്നു.

25. ഇസ്രായേൽക്കാരെ കഠിനമായ ജോലികൾ ചെയ്യാൻ മോശ നിർബന്ധിച്ചു.

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4

26. "നിന്റെ പിതാവിന്റെ .................... നിനക്ക് ................ ആയിരിക്കും" (ഉൽപത്തി 49:25).

27. "ഞാൻ നിങ്ങളെ ................. സ്വീകരിക്കും; നിങ്ങളുടെ ............. ആയിരിക്കുകയും ചെയ്യും" (പുറപ്പാട് 6:7).

## VII. ഉത്തരമെഴുതുക

28. ബൈബിളിൽ എത്ര പുസ്തകങ്ങൾ ഉണ്ട്? അവയെ എപ്രകാരം തരം തിരിച്ചിരിക്കുന്നു? 2
29. വി. ഫ്രാൻസിസ് അസ്സീസിയുടെ പുണ്യവചനം എഴുതുക. 2
30. അബ്രാഹം വിശ്വാസികളുടെ പിതാവായി തീർന്നതെങ്ങനെ? 2
31. പഴയനിയമത്തിലെ ഗോത്രപിതാക്കന്മാരുടെ സ്ഥാനത്ത് പുതിയ നിയമജനമായ സഭയെ നയിക്കുന്നത് ആരാണ്? 2
32. വി. ക്ലാര പുണ്യവതിയുടെ ജീവിത സന്ദേശം എഴുതുക? 2
33. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതസന്ദേശം എഴുതുക? 2
34. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്? 3
35. തന്റെ ആത്മീയ ഗുരുവായ വി. ഫ്രാൻസിസ് അസ്സീസിയുടെ ഏതെല്ലാം നിർദ്ദേശങ്ങളാണ് വി. ക്ലാര ജീവിതത്തിൽ പകർത്തിയത്? നിങ്ങൾ അവ എപ്രകാരം അനുകരിക്കും? 4
36. ദൈവം അബ്രാഹത്തിനു നല്കിയ മൂന്ന് വാഗ്ദാനങ്ങൾ ഏവ? ഈ വാഗ്ദാനങ്ങൾക്ക് അടിസ്ഥാനമായി നിലകൊണ്ടതെന്ത്? 4
37. യാക്കോബിന്റെ ദൈവാനുഭവം നമ്മുടേതായി മാറുന്നത് എങ്ങനെ? 4
38. ദൈവത്തിന്റെ പദ്ധതിയിൽ ജോസഫിന്റെ ജീവിതകഥ വ്യക്തമാക്കുന്നതെന്ത്? തന്നെ ചതിച്ചവരോട് വിദ്വേഷം കാണിക്കാതെ സ്നേഹപൂർവ്വം പെരുമാറിയ ജോസഫിന്റെ ജീവിതമാതൃക അനുകരിച്ച് നിങ്ങളെ ദ്വേഷിക്കുന്നവരോട് നിങ്ങൾ എപ്രകാരം പെരുമാറുമെന്ന് വ്യക്തമാക്കുക? 4
39. ദൈവകല്പനകൾ ക്രമത്തിൽ എഴുതുക. 5
40. ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ ഏതെല്ലാം? അവയുടെ ഉള്ളടക്കം എന്ത്? 5

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2023

**ക്ലാസ്സ് : VI** **സമയം : 2 മണിക്കൂർ**
**തീയതി : 10-9-2023** **മാർക്ക് : 70**

---

**I. പദപ്പെട്ടിയിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 5**

നോമ്പിന്റെ സ്നേഹിതർ, പരസ്നേഹത്തിന്റെ പ്രേഷിതൻ
സുവിശേഷങ്ങൾ, ഈശോയുടെ ജനനം, അഭിഷേകം ചെയ്യപ്പെട്ടവൻ

1. ലോകചരിത്രം രണ്ടായി വിഭജിക്കപ്പെട്ട സംഭവം.
2. പുതിയ നിയമത്തിലെ ആദ്യത്തെ നാല് പുസ്തകങ്ങൾ അറിയപ്പെടുന്നത്.
3. "മിശിഹാ" എന്ന വാക്കിന്റെ അർത്ഥം.
4. വി. മാർട്ടിൻ ഡി. പോറസ് ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്.
5. പാശ്ചാത്യമിഷനറിമാർ മാർത്തോമ്മാ നസ്രാണികളെ വിളിച്ചിരുന്നത്.

**II. എ-ബിയോട് ചേർക്കുക 5**

6. ഉപവാസം - ദൈവം പ്രകാശമാകുന്നു
7. കാന - പ്രത്യക്ഷീകരണം
8. ഏൽപ്പയ്യാ - ലാസർ
9. ബഥാനിയ - ആദ്യ അത്ഭുതം
10. ദനഹ - കൂടെ വസിക്കൽ

**III. പൂരിപ്പിക്കുക 5**

11. ഉയിർപ്പുതിരുന്നാളിന് ഏഴാഴ്ച മുമ്പ് ആരംഭിക്കുന്ന നോമ്പുകാലത്തിന്റെ ആദ്യ ഞായറാഴ്ചയെ ............ എന്നു വിളിക്കുന്നു.
12. താൻ പ്രവർത്തിച്ച അത്ഭുതങ്ങളിലൂടെയൊക്കെ ഈശോ തന്നിലെ .................. വെളിപ്പെടുത്തുകയായിരുന്നു.

13. ദൈവത്തെ പിതാവായും, മനുഷ്യവംശത്തെ മുഴുവൻ സഹോദരങ്ങളായും കണ്ട് സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന അവസ്ഥയാണ് ........................

14. ദൈവപുത്രനെ തിരിച്ചറിഞ്ഞ ................... ഈശോയെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി വെളിപ്പെടുത്തി.

15. എ.ഡി. എന്നാൽ ..................... എന്നാണ് അർത്ഥം.

**IV. സംഭവങ്ങൾ ക്രമത്തിൽ എഴുതുക** **5**

16. (എ) ഈശോയുടെ ജനനമറിയിച്ചുകൊണ്ട് കിഴക്കൊരു നക്ഷത്രമുദിച്ചു.

(ബി) അവർ ദിവ്യശിശുവിനെ അന്വേഷിച്ച് ഹേറോദേസ് രാജാവിന്റെ കൊട്ടാരത്തിൽ എത്തി.

(സി) അവൻ പ്രധാനപുരോഹിതരെയും നിയമജ്ഞരെയും വിളിച്ചുകൂട്ടി മിശിഹാ എവിടെയാണ് ജനിക്കുന്നതെന്ന് ചോദിച്ചു. അവർ പറഞ്ഞു, യൂദയായിലെ ബേദ്‌ലെഹെമിൽ.

(ഡി) ജ്ഞാനികളിൽ നിന്ന് ഈശോയുടെ ജനനത്തെക്കുറിച്ച് അറിഞ്ഞ രാജാവ് അസ്വസ്ഥനായി.

(ഇ) പൗരസ്ത്യദേശത്ത് നിന്ന് ജ്ഞാനികൾ ഈ നക്ഷത്രം കണ്ട് ഈശോയെ വണങ്ങാൻ യാത്രപുറപ്പെട്ടു.

**V. പേരെഴുതുക** **5**

17. അപ്പസ്തോലന്മാരിൽ ആദ്യ രക്തസാക്ഷി?

18. “മിഷനറി” എന്ന പദത്തിന്റെ അർത്ഥമെന്ത്?

19. “കേരള പഞ്ചക്ഷത” എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ആര്?

20. ഇന്ത്യയിലെ ആദ്യത്തെ സഞ്ചാരകൃതി ഏത്?

21. 2022 – 2025 വർഷം കേരള കത്തോലിക്കാസഭ എന്തായിട്ടാണ് ആചരിക്കുന്നത്?

**VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **5**

22. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റണമെന്ന് സൂചിപ്പിക്കുന്ന വചനഭാഗം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 7:21).

23. ഈശോയാണ് പുനരുത്ഥാനവും ജീവനും എന്ന് വ്യക്തമാക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 11:25).

## VII. ഉത്തരമെഴുതുക

24. സീറോ മലബാർ സഭയിൽ ദനഹാതിരുന്നാളിനോട് അനുബന്ധിച്ചുണ്ടായിരുന്ന രണ്ട് അനുഷ്ഠാനങ്ങൾ ഏവ? **2**

25. പ്രലോഭകനായ പിശാചിനെ തോൽപ്പിക്കാൻ ഈശോയ്ക്ക് സാധിച്ചതെന്തുകൊണ്ട്? **2**

26. ഈശോ കടലിനെ ശാന്തമാക്കിയപ്പോൾ ശിഷ്യന്മാർ അതിനോട് പ്രതികരിച്ചതെങ്ങനെ? **2**

27. ലാസർ രോഗിയാണെന്നറിഞ്ഞിട്ടും ഈശോ ബഥാനിയായിലേക്ക് പോകാൻ താമസിച്ചത് എന്തുകൊണ്ട്? **3**

28. മംഗളവാർത്ത പിറവികാലങ്ങളിൽ നമ്മിൽ നിറഞ്ഞുനില്ക്കേണ്ട മനോഭാവം എന്ത്? **3**

29. സീറോ മലബാർ സഭയിൽ ഇപ്പോൾ നിലനില്ക്കുന്ന നോമ്പുകൾ ഏവ? **4**

30. ലാളിത്യത്തിന്റെയും മര്യാദയുടെയും വിശുദ്ധനാണ് വി. മാർട്ടിൻ ഡി. പോറസ്. വിശദമാക്കുക. **4**

31. വി. മറിയം ത്രേസ്യ പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സഹായിക്കുകയും ചെയ്തിരുന്നു. വിശദമാക്കുക. പരസ്നേഹ പ്രവർത്തനങ്ങൾക്കായി നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **5**

32. ദനഹാക്കാലത്ത് നാം അനുസ്മരിക്കുന്ന രക്ഷാകര രഹസ്യങ്ങൾ ഏവ? **5**

33. പരി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

34. എന്താണ് ദൈവരാജ്യം? ഭൂമിയിൽ ഈ അവസ്ഥ സംജാതമാക്കുകയാണ് തിരുസഭയുടെ ദൗത്യം. തിരുസഭയുടെ മകൻ/മകൾ എന്ന നിലയിൽ ദൈവരാജ്യം ഭൂമിയിൽ സംജാതമാക്കുവാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

| | |
|---|---|
| **ക്ലാസ്സ് : VII** | **സമയം : 2 മണിക്കൂർ** |
| **തീയതി : 10-09-2023** | **മാർക്ക് : 70** |

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം എടുത്തെഴുതുക** **5**

വിശ്രമിക്കുക, ദൈവകല്പനകൾ,
കുടുംബം, നിരീശ്വരവാദം, ആബാ

1. ദൈവത്തെ അറിഞ്ഞ് സ്നേഹിച്ചു നീതിയോടെ സമൂഹത്തിൽ ജീവിക്കാനുള്ള നിർദ്ദേശങ്ങൾ.
2. ദൈവവിശ്വാസത്തിനെതിരായുള്ള പാപം.
3. ഈശോ പിതാവിനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന ലളിതവും ഹൃദ്യവുമായ പദം.
4. “സാബത്ത്” എന്ന പദത്തിന്റെ അർത്ഥം.
5. സമൂഹത്തിന്റെ അടിസ്ഥാന ഘടകം.

**II. പൂരിപ്പിക്കുക** **5**

6. ദൈവം കഴിഞ്ഞാൽ ജീവന്റെയും വളർച്ചയുടെയും ഉത്തരവാദികളും സംരക്ഷകരും .................... ആണ്.
7. വേദനിക്കുന്നവരോട് ഈശോ കാണിച്ച .................. പ്രദർശിപ്പിക്കുവാനുള്ള പ്രത്യേക അവസരമാണ് ഞായറാഴ്ച.
8. ദൈവത്തെ സൂചിപ്പിക്കുന്ന .................. എന്ന പദം ഇസ്രായേൽക്കാർ സംസാരത്തിൽ ഉപയോഗിച്ചിരുന്നില്ല.
9. ദൈവത്തിനു നല്കേണ്ട പ്രഥമസ്ഥാനം മറ്റെന്തിനെങ്കിലും നൽകിയാൽ അതിനെ .................... എന്ന് വിളിക്കും.
10. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം ................... ആണ്.

**III. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

11. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഡയറിക്കുറിപ്പിന്റെ പേരെന്ത്?
12. ഭാരതത്തിലെ പ്രഥമ അല്മായ രക്തസാക്ഷി?
13. 2022-2025 വർഷം കേരളകത്തോലിക്കാസഭ എന്തായിട്ടാണ് ആച രിക്കുന്നത്?
14. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?
15. ഈ വർഷം ലോക കത്തോലിക്കാ യുവജനസമ്മേളനം നടന്ന സ്ഥലം?

**IV ചേരുംപടി ചേർക്കുക** **5**

16. ലിസ്ബൺ - മാമ്മോദീസാപ്പേര്
17. വലിയ അച്ചൻ - ദനഹാ
18. പരി. ത്രിത്വം - വി. അന്തോനീസ്
19. കർത്താവിന്റെ മാമ്മോദീസാ - വിശ്വാസം
20. ദൈവികപുണ്യം - വി. ഫ്രാൻസീസ് സേവ്യർ

**V. ശരിയോ, തെറ്റോ എന്ന് എഴുതുക** **5**

21. നന്മ മാത്രമായ ദൈവത്തിനെതിരായി ചെയ്യുന്ന വലിയ തിന്മ യാണ് മന്ത്രവാദം.
22. വിശുദ്ധരുടെ മാതൃക അനുകരിച്ച് ജീവിക്കാനും അവരുടെ പ്രത്യേക മാദ്ധ്യസ്ഥ്യം ലഭിക്കാനും മാമ്മോദീസാപ്പേര് സഹാ യിക്കുന്നു.
23. "കർത്താവിന്റെ ദിനം" എന്ന അപ്പസ്തോലിക പ്രബോധനം എഴുതിയത് ഫ്രാൻസീസ് മാർപാപ്പയാണ്.
24. വി. അന്തോനീസിന്റെ നാമത്തിൽ നല്കപ്പെടുന്ന ദാനധർമ്മങ്ങൾ "വി. അന്തോനീസിന്റെ അപ്പം" എന്ന പേരി ലാണ് അറിയപ്പെടുന്നത്.
25. വി. ഫ്രാൻസീസ് സേവ്യർ ഭാരതത്തിന്റെ ഒന്നാമത്തെ അപ്പ സ്തോലൻ ആണ്.

**VI. ബൈബിളിൽനിന്ന് ഉദ്ധരിക്കുക** **5**

26. ഈശോയുടെ നാമത്തിൽ ചോദിക്കുന്നതെന്തും ലഭിക്കുമെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷ ത്തിൽ നിന്ന് (യോഹ 16:23).

27. ഭൂമിയിൽ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് മാതാപിതാക്കളെ ബഹുമാനിക്കണം എന്ന് വ്യക്തമാക്കുന്ന തിരുവചനം പുറപ്പാട് പുസ്തകത്തിൽ നിന്ന് (പുറ 20:12).

## VII. ഉത്തരമെഴുതുക

28. വി. ഫ്രാൻസീസ് സേവ്യറുടെ ജീവിതസന്ദേശം എഴുതുക. **2**

29. അധികാരികളെയും മുതിർന്നവരെയും നാം ആദരിക്കണം. എന്തുകൊണ്ട്? **2**

30. മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ? **3**

31. ഈശോ ദൈവപ്രമാണങ്ങളെ പൂർത്തീകരിച്ചത് എങ്ങനെ? **3**

32. "വി. ഫ്രാൻസീസിന്റെ ചെറുപുഷ്പങ്ങൾ" എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന അന്തോനീസിന്റെ പ്രേഷിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രണ്ട് അത്ഭുതങ്ങൾ ചുരുക്കി എഴുതുക? **4**

33. ഈശോ എന്ന നാമം മഹനീയമാണ്. വിശദീകരിക്കുക? **4**

34. കർത്താവിന്റെ ദിനമായ ഞായറാഴ്ച നാം ആചരിക്കേണ്ടതെങ്ങനെ? **5**

35. ദൈവകല്പനകൾ ക്രമത്തിൽ എഴുതുക? **5**

36. കൽപനകൾ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു? വ്യക്തമാക്കുക. ദൈവപ്രമാണങ്ങളിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ നിങ്ങൾക്ക് എങ്ങനെയെല്ലാം സാധിക്കും? **6**

37. ദൈവാരാധന നമ്മുടെ കടമയും വിശ്വാസത്തിന്റെ പ്രകാശനവുമാണ്. വ്യക്തമാക്കുക. ഏറ്റവും വലിയ ആരാധനയായ വി. കുർബാനയിൽ സജീവമായി പങ്കുചേർന്ന് നിങ്ങൾ എങ്ങനെയെല്ലാം ദൈവത്തെ മഹത്വപ്പെടുത്തും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

**ക്ലാസ്സ് : VIII** | **സമയം : 2 മണിക്കൂർ**
**തീയതി : 10-9-2023** | **മാർക്ക് : 70**

**I. ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. സുവിശേഷമനുസരിച്ച് ജീവിക്കാനും അത് പ്രഘോഷിക്കാനും നമ്മെ പ്രത്യേകമാംവിധം പ്രാപ്തരാക്കുന്ന കൂദാശ.
   (മാമ്മോദീസ, തൈലാഭിഷേകം, വിവാഹം)
2. ഉടമ്പടി പാലനത്തിന്റെ അവശ്യവ്യവസ്ഥ.
   (വചനം പാലിക്കുക, ഉപവസിക്കുക, നോമ്പ് ആചരിക്കുക)
3. ദൈവത്തിന്റെ അത്യുത്തമ വെളിപാട്.
   (വിശുദ്ധർ, പ്രവാചകന്മാർ, ഈശോ)
4 ഇസ്രായേൽക്കാരെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും മോചിപ്പിക്കാൻ ദൈവം തിരഞ്ഞെടുത്ത വ്യക്തി.
   (മോശ, ഏലിയാ, ഏശയ്യാ)
5. വിശ്വാസത്തിന്റെ അവശ്യ ഘടകം.
   (കരുണ, മാനസാന്തരം, നൊവേനകൾ)

**II. ഉത്തരമെഴുതുക** **5**

6. പാപത്താൽ നഷ്ടമായ ആത്മീയജീവൻ നമുക്ക് വീണ്ടും നല്കുന്ന കൂദാശ ഏത്?
7. "അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടേണ്ടതില്ല." ഇപ്രകാരം പറഞ്ഞതാര്?
8. പരിശുദ്ധാത്മാവിനാൽ മിശിഹായിൽ പണിതുയർത്തപ്പെട്ട ദൈവത്തിന്റെ ആലയമേത്?
9. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമെന്ത്?
10. പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാവായിത്തീർന്ന യാക്കോബിന് ദൈവം നല്കിയ നാമമെന്ത്?

## III. പൂരിപ്പിക്കുക 5

11. മിശിഹാ പ്രദാനം ചെയ്ത പാപമോചനത്തിന്റെയും രക്ഷയുടെയും ഫലം സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള ഉപാധികൾ ........................ ആണ്.
12. നാം ദൈവത്തിന്റെ ആലയമായിത്തീരുന്നത് ................ നമ്മിൽ വസിക്കുന്നതുകൊണ്ടാണ്.
13. ഈശോ തന്റെ സഭ സ്ഥാപിച്ചത് ................... ആകുന്ന അടിസ്ഥാനത്തിൻമേലാണ്.
14. മനുഷ്യവംശത്തിനു ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടത് ................. ലാണ്.
15. സാവൂളിന് ദൈവികദർശനം ഉണ്ടായത് ............... എന്ന സ്ഥലത്തുവച്ചാണ്.

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. 2022-2025 വർഷം കേരളകത്തോലിക്കാസഭ എന്തായിട്ടാണ് ആചരിക്കുന്നത്?
17. സാഹോദര്യത്തിന്റെ സന്ദേശം വിളിച്ചോതുന്ന ഫ്രാൻസീസ് മാർപാപ്പയുടെ ചാക്രികലേഖനം?
18. സീറോമലബാർ സഭയുടെ ആദ്യ മിഷൻ രൂപത ഏത്?
19. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പൊലീത്ത?
20. "കേരള പഞ്ചക്ഷത" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ആര്?

## V. ചേരുംപടി ചേർക്കുക 5

| | |
|---|---|
| 21. കഹാൽ | - വി. പൗലോസ് |
| 22. മെത്തനോയിയ | - വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം |
| 23. മാർത്തോമ്മാ മാർഗം | - ആദ്യത്തെ രക്തസാക്ഷി |
| 24. സാവൂൾ | - സഭാജീവിതശൈലി |
| 25. വി. സ്തേഫാനോസ് | - തിരിച്ചുവരവ് |

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ഈശോയാണ് ഏകരക്ഷകൻ എന്ന് സൂചിപ്പിക്കുന്ന തിരുവചനം അപ്പസ്തോല പ്രവർത്തനത്തിൽ നിന്ന് (അപ്പ 4:12).

27. രക്ഷ പ്രാപിക്കുന്നതിനുള്ള അവശ്യ വ്യവസ്ഥയായി വി. പൗലോസ് ശ്ലീഹാ പറഞ്ഞ തിരുവചനം റോമാക്കാർക്കുള്ള ലേഖനത്തിൽ നിന്ന് (റോമാ 10:9).

## VII. ഉത്തരം എഴുതുക

28. Adolescence എന്ന വാക്കിന്റെ അർത്ഥമെന്ത്? **2**

29. ഇസ്രായേൽ ജനത്തെ 'കഹാൽ അഥവാ എക്ലേസിയ' എന്നു വിശേഷിപ്പിക്കുമ്പോൾ അർത്ഥമാക്കുന്നതെന്തെല്ലാം? **3**

30. ലൈംഗികവളർച്ചയുടെ ഏതെങ്കിലും മൂന്ന് തലങ്ങൾ എഴുതുക? **3**

31. സഭാമക്കളായ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളും വരങ്ങളും എപ്രകാരമാണ് വിനിയോഗിക്കേണ്ടത്? **4**

32. രക്ഷയുടെ അനുഭവം എന്താണ്? രക്ഷ സ്വന്തമാക്കാൻ നിങ്ങൾ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുക. **4**

33. ഈശോ പുതിയ ഉടമ്പടി സ്ഥാപിച്ചതെങ്ങനെ? പുതിയ ഉടമ്പടി എപ്പോഴാണ് പൂർത്തീകരിക്കപ്പെട്ടത്? **4**

34. തിരുസഭയുടെ കല്പനകൾ എത്ര? ഏതെല്ലാം? **5**

35. സഭയുടെ കാഴ്ചപ്പാടിൽ മനുഷ്യജീവന്റെ പ്രത്യേകതകളിൽ ഏതെങ്കിലും 5 എണ്ണം എഴുതുക. **5**

36. അബ്രാഹത്തിന്റെയും പരിശുദ്ധ അമ്മയുടെയും ജീവിതത്തിൽ വിശ്വാസം പ്രകടമായതെങ്ങനെ? വിശ്വാസത്തിൽ ആഴപ്പെടാൻ നിങ്ങൾ എന്തൊക്കെ ചെയ്യും? **5**

37. ഓരോ കൂദാശയിലും നാം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നുണ്ട്. വിശദമാക്കുക. ആത്മാവിനാൽ നയിക്കപ്പെട്ട ജീവിതം നയിക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കുക. **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

**ക്ലാസ്സ് : IX** | **സമയം : 2 മണിക്കൂർ**
**തീയതി : 10-09-2023** | **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. മിശിഹാ സഭയ്ക്കുവേണ്ടി പിതാവിനർപ്പിക്കുന്ന നിത്യവും പരിശുദ്ധവുമായ ആരാധന?
   (സ്തുതികീർത്തനം, വി. കുർബാന, യാമപ്രാർത്ഥന)
2. ദൈവാരാധനയിൽ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുന്ന അടയാളം?
   (വസ്തുക്കൾ, കർമ്മങ്ങൾ, വാക്കുകൾ)
3. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റ രക്ഷാകര സാന്നിധ്യത്തിന്റെ പ്രതീകം?
   (ദൈവാലയം, മാമ്മോദീസാത്തൊട്ടി, തിരുശേഷിപ്പ് കൂടാരം)
4. ഇസ്രായേൽക്കാരുടെ മതാത്മകജീവിതത്തിന്റെ ഹൃദയത്തുടിപ്പ്?
   (ഉത്ഥാനഗീതം, സങ്കീർത്തനങ്ങൾ, ത്രൈശുദ്ധകീർത്തനം)
5. പുരോഹിതന്റെ ഇടയധർമ്മത്തെ സൂചിപ്പിക്കുന്ന നീതിയുടെ വസ്ത്രം?
   (പൈന, സൂനാറ, സന്ദേ)

**II. പേരെഴുതുക** **5**

6. കെസിബിസിയുടെ ഇപ്പോഴത്തെ പ്രസിഡന്റ്?
7. "കന്തീശ" എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
8. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന ഏത്?
9. ''സഭ സ്വഭാവത്താലെ പ്രേഷിതയാണ്'' എന്ന് പഠിപ്പിച്ച കൗൺസിൽ?
10. പരിസ്ഥിതിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ക്രൈസ്തവരുടെ ഉത്തരവാദിത്വത്തെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനം?

## III. പൂരിപ്പിക്കുക 5

11. ഭൗതികദാനങ്ങളെക്കാളുപരി ........................... ക്കുവേണ്ടിയാണ് കാറോസൂസയിൽ പ്രാർത്ഥിക്കുന്നത്.
12. 'ലെയ്ത്തൂർഗിയ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ................... എന്ന വാക്കുണ്ടായത്.
13. ദൈവാരാധനയിൽ ശുശ്രൂഷിക്കുന്ന ഡീക്കന്മാർ ..................... മാരെ സൂചിപ്പിക്കുന്നു.
14. അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന മാധ്യമങ്ങളായി .......................... ളും പ്രതീകങ്ങളും നിലകൊള്ളുന്നു.
15. ..................... എന്ന വാക്കിന് നിക്ഷേപാലയം എന്നാണ് അർത്ഥം.

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. ശുദ്ധതയെന്ന പുണ്യത്തിന്റെ മാഹാത്മ്യം പ്രഘോഷിച്ച് ചാരിത്ര്യത്തിന്റെ സംരക്ഷകയായ വിശുദ്ധ?
17. "എന്നും നവീനവും എന്നും പുരാതനവുമായ സത്യമേ, എത്ര വൈകിയാണ് ഞാൻ നിന്നെ കണ്ടുമുട്ടിയത്." ആരുടെ വാക്കുകൾ?
18. 'ആഗ്നസ്' എന്ന പേരിന്റെ അർത്ഥം?
19. റോമിലെ പ്രധാനപ്പെട്ട മതപീഡനകേന്ദ്രം ഏതായിരുന്നു?
20. വി. അഗസ്റ്റിന്റെ തിരുന്നാൾ ദിനം?

## V. ചേരുംപടി ചേർക്കുക 5

21. ബലിവേദി - ബേമ്മ
22. സമൂഹവേദി - അൾത്താര
23. ഗായകവേദി - ഹൈക്കല
24. വചനവേദി - കെസ്ത്രോമ
25. ബലിപീഠം - മദ്ബഹ

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. തന്റെ പ്രിയപുത്രനെപ്പോലും നൽകാൻ സന്നദ്ധനായ പിതാവിന്റെ സ്നേഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 3:16).

27. യഥാർത്ഥ ആരാധനയെപ്പറ്റി വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്ന വചനഭാഗം റോമാക്കാർക്കുള്ള ലേഖനത്തിൽ നിന്ന് (റോമാ 12:1).

## VII. ഉത്തരമെഴുതുക

28. കൂദാശ എന്നാൽ എന്ത്? **2**

29. യഥാർത്ഥ ആരാധനയെക്കുറിച്ച് വി. ഇരണേവൂസ് നമ്മെ പഠിപ്പിക്കുന്നതെന്ത്? **2**

30. 'കുരിശ്' (സ്ലീവാ) എന്തിന്റെയൊക്കെ പ്രതീകമാണ്? **3**

31. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയിൽ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന സ്തുതിപ്പ് നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്? **3**

32. സീറോ മലബാർ സഭയുടെ വി. കുർബാനയിൽ പ്രധാനമായും എത്ര ഭാഗങ്ങളുണ്ട്? അവ ഏതെല്ലാം? **4**

33. ലിറ്റർജിയിലൂടെ ക്രൈസ്തവൻ പങ്കുചേരുന്ന രക്ഷാകര സംഭവങ്ങൾ ഏതെല്ലാം? **4**

34. വി. ആഗ്നസിന്റെ പുണ്യവചനം എഴുതുക. പ്രതികൂല സാഹചര്യങ്ങളിലും വീരോചിതമായ ആത്മധൈര്യംകൊണ്ട് ശുദ്ധതയുടെ മാഹാത്മ്യം ഉയർത്തിപ്പിടിച്ച വി. ആഗ്നസിന്റെ ജീവിതം നിങ്ങളെ എപ്രകാരം സ്വാധീനിച്ചുവെന്ന് വ്യക്തമാക്കുക? **5**

35. മനഃസ്താപ പ്രകരണം എഴുതുക. **5**

36. ആരാധനാക്രമത്തിലെ അടയാളങ്ങളെ എത്രയായി തിരിച്ചിരിക്കുന്നു? ഏതെല്ലാം? വിശദമാക്കുക. **6**

37. വി. കുർബാന ബലിയും വിരുന്നുമാണ്. സമർത്ഥിക്കുക. അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ബലി അവിടെ അവസാനിക്കേണ്ടതല്ല, മറിച്ച് അനുദിന ജീവിതത്തിലൂടെ തുടരേണ്ടതാണ്. അനുദിന ജീവിതത്തിൽ നിങ്ങൾ എങ്ങിനെയെല്ലാം ബലിജീവിതം നയിക്കും. **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

**ക്ലാസ്സ്  : X** | **സമയം : 2 മണിക്കൂർ**
**തീയതി : 10-09-2023** | **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുക** **5**

1. സുവിശേഷം ശ്രവിക്കുന്നവരെ അത് സ്വീകരിക്കാൻ സന്നദ്ധരാക്കുന്നത്?
   (പരി. ആത്മാവ്, തിരുസഭ, കൂദാശകൾ)
2. സുവിശേഷവത്കരണത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം?
   (പരസ്പര സ്നേഹം, ജീവിതസാക്ഷ്യം, പ്രാർത്ഥന)
3. വിശ്വാസത്തിൽ ഒന്നുചേർന്ന സഭാസമൂഹത്തിന്റെ യഥാർത്ഥ ശക്തികേന്ദ്രം?
   (കൂട്ടായ്മ, അപ്പംമുറിക്കൽ ശുശ്രൂഷ, അപ്പസ്തോലന്മാരുടെ പ്രബോധനം)
4. പ്രഥമ രക്തസാക്ഷി?
   (സ്തേഫാനോസ്, പത്രോസ്, യോഹന്നാൻ)
5. സഭയുടെ സത്യവിശ്വാസ പ്രബോധനങ്ങൾ നിരാകരിച്ച് അതിന് വിരുദ്ധമായി പഠിപ്പിക്കുന്നത്?
   (ശീശ്മ, ആര്യനിസം, പാഷണ്ഡത)

**II. പൂരിപ്പിക്കുക** **5**

6. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ പഠിപ്പിക്കാനും വ്യാഖ്യാനിക്കാനുമുള്ള അവകാശവും അധികാരവും ............ ആണുള്ളത്.
7. സഭയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത് ...................... വിളംബരത്തോടുകൂടിയാണ്.
8. സഭയെ സഭയാക്കുന്നത് ഈശോമിശിഹായോടും ...................... തമ്മിൽതമ്മിലുമുള്ള കൂട്ടായ്മയാണ്.
9. ദൈവരാജ്യത്തിന്റെ പ്രഘോഷണവും ..................... ഉം ആയിരുന്നു ഈശോയുടെ ദൗത്യം.
10. സഭയുടെ പ്രേഷിതസ്വഭാവത്തിന്റെ അടിസ്ഥാനം ........... ആണ്.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. സുവിശേഷത്തിന്റെ പ്രഥമ വക്താവ്?
12. സഭയുടെ സ്വഭാവത്തെ സൂചിപ്പിക്കാൻ 'മാർഗം' എന്ന പദം ഉപയോഗിച്ചിരിക്കുന്ന ഗ്രന്ഥം?
13. വിശ്വാസസംരക്ഷകരുടെ കൃതി അറിയപ്പെടുന്നത്?
14. 'മീത്തരെ' എന്ന പദത്തിന്റെ അർത്ഥം?
15. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്ന അവസ്ഥ?

## IV. പേരെഴുതുക 5

16. സാഹോദര്യത്തിന്റെ സന്ദേശം വിളിച്ചോതുന്ന ഫ്രാൻസീസ് മാർപാപ്പയുടെ ചാക്രികലേഖനം?
17. 2022-2025 വർഷം കേരളകത്തോലിക്കാസഭ എന്തായിട്ടാണ് ആച രിക്കുന്നത്?
18. സീറോ മലബാർ സഭയുടെ മതബോധന കമ്മീഷൻ ചെയർമാൻ?
19. ഇന്ത്യയിലെ ആദ്യത്തെ സഞ്ചാരകൃതി ഏത്?
20. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഡയറിക്കുറിപ്പിന്റെ പേരെന്ത്?

## V. ചേരുംപടി ചേർക്കുക 5

| | |
|---|---|
| 21. പൗരസ്ത്യസുറിയാനി സഭാപിതാവ് | - വി. ദൈവസഹായം |
| 22. ദൈവത്തിന്റെ നഗരം | - വി. അപ്രേം |
| 23. അപ്പസ്തോലപിതാവ് | - വി. ബേസിൻ |
| 24. ഭാരതത്തിലെ രക്തസാക്ഷി | - വി. ക്ലമന്റ് |
| 25. പൗരസ്ത്യ സന്യാസ സഭകളുടെ പിതാവ് | - വി. അഗസ്തീനോസ് |

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. പിതാവ് തന്നെ ഏൽപ്പിച്ച പ്രേഷിതദൗത്യം ഈശോ ശിഷ്യ ന്മാരെ ഭരമേല്പിക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവി ശേഷത്തിൽ നിന്ന് (യോഹ 20:21).
27. അബദ്ധ പ്രബോധനങ്ങളെയും സിദ്ധാന്തങ്ങളെയും നിരാകരി ക്കണം എന്ന് വ്യക്തമാക്കുന്ന തിരുവചനം ഗലാത്തിയാക്കാർ ക്കുള്ള ലേഖനത്തിൽ നിന്ന് (ഗലാ 1:8).

## VII. ഉത്തരമെഴുതുക

28. ആരാണ് വിശ്വാസ സംരക്ഷകർ? **2**

29. മിഷൻ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? **2**

30. തലശ്ശേരി രൂപത സ്ഥാപിതമായ വർഷം? രൂപതയുടെ ആദ്യത്തെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആരായിരുന്നു? **2**

31. ദൈവരാജ്യ പ്രഘോഷണത്തിനുള്ള ദൗത്യം സ്വീകരിച്ച സഭാ മക്കളായ നിങ്ങൾ എപ്രകാരം ആ ദൗത്യം നിറവേറ്റും? **3**

32. ആദിമസഭയുടെ പ്രേഷിത ചൈതന്യത്തിൽ പങ്കുചേർന്ന് സഭയുടെ പ്രേഷിതദൗത്യം നിറവേറ്റാൻ നിങ്ങൾക്ക് എങ്ങിനെ സാധിക്കും? **3**

33. ക്രിസ്തീയജീവിതം വഴി നൽകുന്ന സാക്ഷ്യമാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. നിങ്ങളുടെ അനുദിന ജീവിതത്തിൽ എപ്രകാരം ദൈവരാജ്യത്തിന് സാക്ഷ്യം വഹിക്കാൻ കഴിയും? **3**

34. മലബാറിലേക്കുള്ള കുടിയേറ്റത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ ഏവ? വിശദമാക്കുക. **4**

35. റോമൻ ചക്രവർത്തിമാർക്ക് ക്രിസ്ത്യാനികളുടെമേൽ മതപീഡനം നടത്താൻ സഹായകമായ സാഹചര്യങ്ങൾ ഏവ? **4**

36. കുടിയേറ്റ ജനതയ്ക്ക് തങ്ങളുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങൾ വ്യക്തമാക്കുക. **4**

37. മതപീഡനം സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്ന് പറയാൻ കാരണമെന്ത്? വിശ്വാസം സംരക്ഷിക്കാൻവേണ്ടി രക്തസാക്ഷികളായിതീർന്നവരുടെ വിശ്വാസധീരത സ്വന്തമാക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **4**

38. അനുരഞ്ജന കൂദാശയ്ക്ക് മുമ്പുള്ള ജപം എഴുതുക. **5**

39. അപ്പം മുറിക്കൽ ശുശ്രൂഷ ആദിമസഭാസമൂഹത്തിന്റെ ശക്തികേന്ദ്രമായതെങ്ങനെ? ഈ ചൈതന്യം സ്വന്തമാക്കി ജീവിക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2023

| | |
|---|---|
| ക്ലാസ്സ് : XI | സമയം : 2 മണിക്കൂർ |
| തീയതി : 10-09-2023 | മാർക്ക് : 70 |

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 5

1. സകലരെയും ഈശോയിലേക്ക് അടുപ്പിച്ച അവിടുത്തെ സവിശേഷഗുണം ഏത്?
(ശാന്തത, ക്ഷമ, അനുകമ്പ)
2. മനുഷ്യപുത്രന് ഈ ഭൂമിയിൽ പാപങ്ങൾ മോചിക്കാൻ അധികാരം ഉണ്ടെന്ന് തെളിയിക്കാനായി ഈശോ ആരെയാണ് സുഖപ്പെടുത്തിയത്?
(പിശാചുബാധിതനെ, തളർവാതരോഗിയെ, കുഷ്ഠരോഗിയെ)
3. ക്രിസ്തുവിൽ വിശ്വസിച്ചവർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ട സ്ഥലമേത്?
(ജെറുസലേം, കഫർണാം, അന്ത്യോക്യാ)
4. ഔദ്യോഗികമായി വി. ഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ ഗണത്തിൽപ്പെടുത്താത്തവയ്ക്ക് പറയുന്ന പേര്?
(അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ, പുരാതന ഗ്രന്ഥങ്ങൾ, താൽമൂദ്)
5. 'യഹൂദ പൗരാണികത്വം' (Jewish Antiquity) എന്ന ചരിത്രഗ്രന്ഥത്തിന്റെ രചയിതാവ്?
(ഫ്ളാവിയൂസ് ജൊസേഫൂസ്, സോക്രട്ടീസ്, പ്ലീനി)

**II. പൂരിപ്പിക്കുക** 5

6. ഈശോയുടെ വ്യക്തിപ്രഭാവത്തിന്റെ മുഴുവൻ അടിസ്ഥാനമായി നിൽക്കുന്നത് അവിടുത്തെ ...................... ആണ്.
7. ഈശോയുടെ ചരിത്രപരതയ്ക്ക് ഉറപ്പുള്ള തെളിവാണ് ആദിമ സഭാ സമൂഹത്തിന്റെ ........................
8. പുതിയ നിയമത്തിലെ നാല് സുവിശേഷങ്ങളിലൂടെയും വെളിപ്പെടുന്നത് ഈശോയുടെ വചനങ്ങളും പ്രവർത്തികളും അടങ്ങുന്ന അവിടുത്തെ .................. ആണ്.
9. യഹൂദരുടെ നിയമസംഹിതയും വ്യാഖ്യാനവും അടങ്ങിയ ഗ്രന്ഥമാണ് ..................
10. നോസ്രി എന്ന വാക്കിന്റെ അർത്ഥം .................... എന്നാണ്.

## III. പേരെഴുതുക 5

11. "നസ്രായനായ ഈശോ ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുമായിരുന്നു; കണ്ണീരുകൊണ്ടല്ല, എന്റെ ഹൃദയരക്തം കൊണ്ട്." ആരുടേതാണ് ഈ വാക്കുകൾ?
12. റോമൻ ചരിത്രകാരൻമാരിൽ പ്രധാനിയായ ടാസിറ്റസിന്റെ ചരിത്രഗ്രന്ഥത്തിന്റെ പേര് എന്ത്?
13. മതാദ്ധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥൻ ആരാണ്?
14. "കാത്തിരിക്കുക, വരാനിരിക്കുന്ന സാർവ്വത്രിക വിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപാകെ എങ്ങനെ വ്യാപരിക്കണമെന്ന് അദ്ദേഹം നമുക്ക് പറഞ്ഞുതരും." ആരുടേതാണ് ഈ വാക്കുകൾ?
15. മനുഷ്യരുടെ രക്ഷയ്ക്കായുള്ള ഏക മധ്യസ്ഥൻ ആരാണ്?

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. ഈ വർഷം ലോക കത്തോലിക്കാ യുവജനസമ്മേളനം നടന്ന സ്ഥലം?
17. പരിസ്ഥിതിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ക്രൈസ്തവരുടെ ഉത്തരവാദിത്വത്തെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസീസ് മാർപാപ്പയുടെ ചാക്രികലേഖനം?
18. സിബിസിഐയുടെ ഇപ്പോഴത്തെ പ്രസിഡന്റ്?
19. സീറോമലബാർ സഭയുടെ ദൈവാലയത്തിൽ ദൈവജനം നില്ക്കുന്ന സ്ഥലത്തിന്റെ പേരെന്ത്?
20. "കേരള കർമ്മലകുസുമം" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 10

21. പുതിയനിയമത്തിലെ നാല് സുവശേഷങ്ങളിലൂടെയും വെളിപ്പെടുന്ന ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ഏവ?
22. ലോകപ്രശസ്ത ഭൗതികശാസ്ത്രജ്ഞനായ വില്യം ആമ്പിയർ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം ഏതാണെന്നാണ് അഭിപ്രായപ്പെട്ടത്?
23. നമ്മുടെ വ്യക്തിത്വവളർച്ചയിൽ ഈശോയിൽ വിളങ്ങിയിരിക്കുന്ന ഏതെല്ലാം ഗുണങ്ങളാണ് നാം സ്വന്തമാക്കേണ്ടത്?
24. ഈശോയെക്കുറിച്ചുള്ള ചരിത്രപരമായ അറിവ് എന്തിനെല്ലാം നമ്മെ സഹായിക്കുന്നു?

25. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാജീവിതശൈലിയിൽ (തോമ്മായുടെ നിയമം) ഉൾപ്പെട്ടിരുന്ന നാല് കാര്യങ്ങൾ എഴുതുക?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ഈശോ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെ മാതൃക നൽകുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 13:14).

27. സമർപ്പണത്തിനായി ദൈവാലയത്തിൽ കൊണ്ടുചെന്ന ഉണ്ണീശോയെ കൈയ്യിലെടുത്തുകൊണ്ട് ശെമയോൻ പറഞ്ഞ തിരുവചനം വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (വി. ലൂക്കാ 2:31).

## VII. ഉത്തരമെഴുതുക

28. ഈശോ തിന്മയ്ക്കെതിരെ പോരാടിയ വ്യക്തിയാണ്. വിശദമാക്കുക. 3
29. ഈശോയെ അറിയാൻ അവസരം ലഭിക്കാത്തവർ രക്ഷപ്രാപിക്കുന്നത് എങ്ങനെ? 3
30. ക്രിസ്ത്യാനി മറ്റൊരു ക്രിസ്തുവാണ് എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? 3
31. ഈശോ എങ്ങിനെയാണ് എന്റെ രക്ഷകനായി തീരുന്നത്? 3
32. ആദിമ നൂറ്റാണ്ടുമുതൽ ഭാരതസഭയ്ക്ക് പൗരസ്ത്യ സുറിയാനി സഭയുമായി ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ നാല് കാരണങ്ങൾ ചുരുക്കി വിവരിക്കുക? 4
33. മാർത്തോമ്മാ ക്രിസ്ത്യാനികൾ അനുഷ്ഠിച്ചിരുന്ന നോമ്പിനെയും ഉപവാസത്തെയും കുറിച്ച് കുറിപ്പെഴുതുക. 4
34. ഈശോയുടെ വ്യക്തിത്വത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ ചുരുക്കി വിവരിക്കുക. ഈശോയുടെ വ്യക്തിത്വത്തിൽ നിങ്ങളെ ഏറ്റവും അധികം ആകർഷിച്ച സ്വഭാവഗുണം ഏത്? എന്തുകൊണ്ട്? 5
35. അനുരഞ്ജനകൂദാശയ്ക്ക് മുമ്പുള്ള ജപം എഴുതുക. 5
36. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങൾ ഏവ? വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ നിങ്ങൾ എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കുക. 5

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഓണപരീക്ഷ - 2023

ക്ലാസ്സ് : XII | സമയം : 2 മണിക്കൂർ
തീയതി : 10-9-2023 | മാർക്ക് : 70

**I. ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. വിശ്വാസാനുസരണത്തിന്റെ സമ്പൂർണ്ണ രൂപം?
(അബ്രാഹം, നോഹ, പരി. കന്യകാമറിയം)
2. സ്വന്തം സുഖത്തിനും, സന്തോഷത്തിനുംവേണ്ടി ലൗകിക വസ്തുക്കളെ അമിതമായി ഉപയോഗിക്കാനുള്ള ആഗ്രഹം?
(ധൂർത്ത്, ഉപഭോഗതൃഷ്ണ, സുഖലോലുപത)
3. ദൈവം, ആത്മാവ്, മരണാനന്തര ജീവിതം ഇവയെല്ലാം മിഥ്യ യാണെന്ന് വാദിക്കുന്ന പ്രത്യയശാസ്ത്രം?
(ഭൗതികവാദം, അജ്ഞേയവാദം, യുക്തിവാദം)
4. പെന്തക്കോസ്തു സമൂഹങ്ങൾ ബൈബിളിലെ എത്ര പുസ്ത കങ്ങളെയാണ് അംഗീകരിച്ചിട്ടുള്ളത്?
(76, 66, 56)
5. ഹ്യൂമനിസം അനുസരിച്ച് എല്ലാറ്റിന്റെയും മാനദണ്ഡം?
(ദൈവം, ആത്മാവ്, മനുഷ്യൻ)

**II. പൂരിപ്പിക്കുക** 5

6. ആടയാഭരണങ്ങളോടും അലങ്കാരവസ്തുക്കളോടുമുള്ള അതിരു കവിഞ്ഞ ആഗ്രഹമാണ് ....................
7. ................. നമ്മുടെ പാദങ്ങൾക്ക് വിളക്കും, പാതയിൽ പ്രകാശ വുമായി എപ്പോഴും നമ്മുടെ കൂടെയുണ്ടാകണം.
8. മാമ്മോദീസായിലൂടെ ദൈവമക്കളായിതീർന്ന നമ്മെ നിരന്തരം വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന കൂദാ ശകളാണ് ................ ഉം വി. കുർബാനയും.
9. ................ വഴി നമ്മൾ ദൈവത്തിന്റെ മക്കളും സഭയിലെ അംഗ ങ്ങളും സ്വർഗ്ഗത്തിന് അവകാശികളുമായി തീർന്നിരിക്കുന്നു.

10. അപ്പസ്തോലിക സഭയുടെ ഹയരാർക്കിക്കൽ ഘടനയോടും ............... അധികാരത്തോടുമുള്ള വിദ്വേഷമാണ് പെന്തക്കോസ്തു സമൂഹങ്ങളുടെ പൊതുസ്വഭാവമായി കാണുന്നത്.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. തിൻമയ്ക്കെതിരെയുള്ള പോരാട്ടത്തിൽ നമ്മുടെ മാതൃക ആര്?
12. പെന്തക്കോസ്തു സമൂഹങ്ങൾ തങ്ങളുടെ ജീവിത മാനദണ്ഡമായി അവകാശപ്പെടുന്നത് ബൈബിളിലെ ഏത് പുസ്തകമാണ്?
13. പ്രലോഭനത്തിൽ അകപ്പെടാതിരിക്കുവാൻ എന്ത് ചെയ്യണമെന്നാണ് ഈശോ പറഞ്ഞത്?
14. ഭൗതികവും അനുഭവപ്രദവുമായ തലങ്ങൾക്കപ്പുറം കടന്നുചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെ ചോദ്യം ചെയ്യുന്ന ദാർശനിക നിലപാട് ഏത്?
15. തൊഴിലാളിയുടെയും തൊഴിൽ ദാതാവിന്റെയും പരസ്പര പ്രാധാന്യം അംഗീകരിച്ചുകൊണ്ട് ഇരുകൂട്ടരുടെയും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന നിലപാട് ആരുടേതാണ്?

## IV. പേരെഴുതുക 5

16. 2022-2025 വർഷം കേരളകത്തോലിക്കാസഭ എന്തായിട്ടാണ് ആചരിക്കുന്നത്?
17. "കന്തീശ" എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
18. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി?
19. "കേരള പഞ്ചക്ഷത" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ആര്?
20. വർത്തമാന പുസ്തകത്തിന്റെ രചയിതാവ്?

## V. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

21. വിശ്വാസത്തിന്റെ നിർവ്വചനം ഹെബ്രായ ലേഖനത്തിൽ നിന്ന്.
22. ദ്രവ്യാഗ്രഹം/ധനാസക്തി സ്വർഗ്ഗപ്രാപ്തിക്ക് തടസ്സമാകുന്നു എന്ന് വ്യക്തമാക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന്.

## VI. ഉത്തരം എഴുതുക

23. വിശ്വാസം എന്നാൽ എന്ത്? 2

24. വിശ്വാസത്തിന് എതിരായ പ്രധാന അബദ്ധസിദ്ധാന്തങ്ങൾ ഏവ? 2

25. ഈശോ തിന്മയെ പരാജയപ്പെടുത്തിയത് എപ്രകാരമാണ്? 2

26. പ്രണയം എന്നാൽ എന്ത്? 2

27. താളം തെറ്റിയ നവീകരണ നീക്കമാണ് വർത്തമാന പെന്തക്കോസ്തു പ്രസ്ഥാനം. വിശദമാക്കുക. 3

28. തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിന്റെ രണ്ട് തലങ്ങൾ ഏവ? വിശദമാക്കുക. 3

29. നല്ല പ്രണയത്തെ തിരിച്ചറിയുന്നതെങ്ങനെ? 4

30. പെന്തക്കോസ്തു സമൂഹങ്ങളുടെ പ്രധാന പോരായ്മകളിൽ നാലെണ്ണം വിവരിക്കുക? 4

31. ക്രൈസ്തവ വിശ്വാസവും കമ്മ്യൂണിസത്തിന്റെ പ്രത്യയശാസ്ത്ര പരമായ നിലപാടുകളും തമ്മിലുള്ള വിയോജിപ്പിന്റെ പ്രധാന മേഖലകൾ ഏവ? വിശദമാക്കുക. 4

32. പ്രേമനൈരാശ്യത്തിൽ വീണുപോയ ഒരു സുഹൃത്തിനെ നിങ്ങൾക്ക് എപ്രകാരം കരകയറ്റാൻ സാധിക്കും? 4

33. അനുരഞ്ജനകൂദാശയ്ക്ക് വേണ്ട കാര്യങ്ങൾ എത്ര? ഏവ? 5

34. സുഖലോലുപതയും ധൂർത്തും ക്രൈസ്തവ ജീവിത പൂർണ്ണതയ്ക്ക് വിഘാതമാകുന്നതെങ്ങനെ? ആധുനിക കാലഘട്ടത്തിൽ ഇതിന്റെ പ്രസക്തി വിലയിരുത്തുക. 5

35. വിശ്വാസജീവിതത്തിന്റെ വിവിധ തലങ്ങൾ വിശദമാക്കുക. ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ ജീവൻപോലും ബലികഴിക്കേണ്ടിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ വിശ്വാസത്തിൽ ആഴപ്പെടുവാനും, വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാനും നിങ്ങൾക്ക് എങ്ങനെ സാധിക്കും? 5